ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമങ്ങൾ

(ഹാജർ:- ശ്രീമതി ലീമാ മാനുവൽ )

വിഷയം *മോട്ടോർ വാഹന വകുപ്പ്*– ജീവനക്കാര്യം - ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ 10 % ഒഴിവുകളിലേയ്ക്ക് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന
1. 03.01.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ. 1/2014/ഉ.ഭ.പ.വ.
2. 19.07.2014-ലെ സർക്കാർ ഉത്തരവ്,സ്.ഉ.(പി) നമ്പർ. 21/2014 ഉ.ഭ.പ.വ.
3. 01/12/2014 ലെ ട്രാൻസ്പോർട്ട് കമ്മിഷണറുടെ എ4/17129/റ്റി സി /2014 നംപർ ഉത്തരവ്
4. 14/09/2015 ലെ 2489/സി -1/2015/ ഗതാഗതം നംപർ സർക്കാർ കത്ത്
5. 27/05/2017ലെ സർക്കാർ ഉത്തരവ് നംപർ സ . ഉ (സാധാ) നം . 280/2017/പി / ഉ .ഭ .പ. വക
6. 29/06/2018 ലെ ട്രാൻസ്പോർട്ട് കമ്മിഷണറുടെ എ6/ഇ/31647/2017/റ്റി സി നംപർ ഉത്തരവ്

**ഉത്തരവ് നമ്പർ.എ.2/4558/റ്റി.സി./2014 തീയതി 24/09/2018**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ക്ലാസ് IV, സബോർഡിനേറ്റ് സർവീസിൽപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിന് പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാറ്റം വഴി അതാത് വകുപ്പിലെ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലും കൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിച്ച് നൽകാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പിൽ ഉണ്ടായ ഒഴിവുകൾക്ക് ആനുപാതികമായി സൂചന (3) പ്രകാരം തയ്യാറാക്കിയ ഒ എ /അറ്റൻഡർ മാരുടെ ജില്ലാതല സീനിയോരിട്ടി ലിസ്റ്റിൽനിന്നും യോഗ്യതയുടെയും സീനിയോരിട്ടിയുടേയും അടിസ്ഥാനത്തിൽ ക്ലർക്ക് , ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സ്ഥാനകയറ്റം നൽകി വന്നിരുന്നു . എന്നാൽ സൂചന (4), (5) എന്നിവ പ്രകാരം ഡ്രൈവർമാരേയും കൂടി ഉൾപ്പെടുത്തികൊണ്ടുള്ള സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും സ്ഥാനകയറ്റം നൽകണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഒ എ /അറ്റൻഡർ /ഡ്രൈവർ എന്നീ വിഭാഗം ജീവനക്കാരെ ഉൾപെടുത്തി കൊണ്ടുള്ള combined സീനിയോരിറ്റി ലിസ്റ്റ് സൂചന (6) പ്രകാരം പുറപ്പെടുവിച്ചു ഉത്തരവായിട്ടുണ്ട് .

ഈ സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിൽ ക്ലർക്ക് , ടൈപ്പിസ്റ്റ് തസ്തികകളിൽ ആകെ ഉണ്ടായ ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് സൂചന (6) പ്രകാരം പുറപ്പെടുവിച്ച ഒ എ /അറ്റൻഡർ /ഡ്രൈവർ എന്നിവരെ ഉൾപ്പെടുത്തികൊട്ടുള്ള combined സീനിയോരിട്ടി ലിസ്റ്റിൽനിന്നും യോഗ്യതയുടേയും, സീനിയോരിട്ടിയുടേയും അടിസ്ഥാനത്തിൽ വകുപ്പിലെ ക്ലാസ് IV ജീവനക്കാരെ തസ്തികമാറ്റം മുഖേന ക്ലർക്ക് /ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സൂചന (5) ലെ സർക്കാർ ഉത്തരവിന് വിധേയമായി ചുവടെ പരാമർശിക്കും പ്രകാരം സ്ഥാനകയറ്റം നൽകി ഉത്തരവാകുന്നു .

| ക്രമ നം | പേര്, | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | ക്ലാർക്ക് /ടൈപ്പിസ്റ്റ് മാരായി നിയമിച്ചിരിയ്ക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | കെ പി അരവിന്ദകുമാർ (അറ്റൻഡർ) | സബ് ആർ ടി ഒ . കുട്ടനാട് | ആർ ടി ഒ എറണാകുളം (ക്ലർക്ക് തസ്തികയിൽ) |
| 2 | ഷീബ റ്റി ജി (അറ്റൻഡർ) | ആർ ടി ഒ കോട്ടയം | സബ് ആർ ടി ഒ . പാല (ക്ലർക്ക് തസ്തികയിൽ) |
| 3 | ജോൺസൻ കെ എ (അറ്റൻഡർ) | ആർ ടി ഒ ഇടുക്കി | ആർ ടി ഒ എറണാകുളം (ക്ലർക്ക് തസ്തികയിൽ) |

| | | | |
|---|---|---|---|
| 4 | സോമരാജൻ കെ (അറ്റൻഡർ) | ആർ ടി ഒ ആറ്റിങ്ങൽ | ആർ ടി ഒ തിരുവനന്തപുരം (ക്ലർക്ക് തസ്തികയിൽ) ) |
| 5 | ശശീന്ദ്രൻ എം (ഓഫീസ് അറ്റൻഡൻട്) | ആർ ടി ഒ വയനാട് | ആർ ടി ഒ വയനാട് (ക്ലർക്ക് തസ്തികയിൽ) ) |
| 6 | അജിത്കുമാർ സി (അറ്റൻഡർ) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് (ക്ലർക്ക് തസ്തികയിൽ) |
| 7 | ജോസഫ് .പി ജി (ഓഫീസ് അറ്റൻഡൻട്) | ആർ ടി ഒ വയനാട് | സബ് ആർ ടി ഒ. മാനന്തവാടി (ക്ലർക്ക് തസ്തികയിൽ) |
| 8 | മഹബൂബ്ഖാൻ. (സെല. ഗ്രേഡ് ഡ്രൈവർ) | ആർ ടി ഒ പത്തനംതിട്ട | ആർ ടി ഒ തിരുവനന്തപുരം (ക്ലർക്ക് തസ്തികയിൽ) |
| 9 | ജയകുമാർ എസ്സ് (അറ്റൻഡർ) | സബ് ആർ ടി ഒ. ഉടുമ്പഞ്ചോല | ആർ ടി ഒ ഇടുക്കി (ടൈപ്പിസ്റ്റ് തസ്തികയിൽ) |

ബന്ധപ്പെട്ടഎല്ലാ നിയന്ത്രണാധികാരികളും മേൽപ്പറഞ്ഞ ജീവനക്കാരെ ക്ലാർക്ക് /ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് യോഗ്യതാ സംബന്ധമായ സർട്ടിഫിക്കറ്റുകൾ കൃത്യമായി പരിശോധിക്കേണ്ടതും അവർ ക്ലാർക്ക് / ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രവേശിക്കുവാൻ യോഗ്യരാണോ എന്ന് ബന്ധപ്പെട്ട റിക്കാർഡുകളും സർട്ടിഫിക്കറ്റുകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ടി ജീവനക്കാർ വിടുതൽ ചെയ്ത / ക്ലാർക്ക് /ടൈപ്പിസ്റ്റ് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച തീയതി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

സ്വീകർത്താവ്:- ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ( നിയന്ത്രണാധികാരികൾ മുഖാന്തിരം )

പകർപ്പ്:-

1 ബന്ധപ്പെട്ട എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/ ആർ ടി ഒ / ജോയിന്റ് ആർ ടി ഒ മാർക്കും

2 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ./ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ/ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)/ സീനിയർ എ.ഒ./ സീനിയർ ഡി,.റ്റി.സി./ ഒ.സി./ അധിക പകർപ്പ്.

അംഗീകാരത്തോടെ

24/9/14

ജൂനിയർ സൂപ്രണ്ട്